6764
27/3/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം - ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. ബി. സുനിലിന്റെ - അപ്പീൽ അപേക്ഷ തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം:708/17/തസ്വഭവ    തീയതി, തിരുവനന്തപുരം. 16.03.2017

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 7/4/2016 ലെ ഡി6-10925/2009 നമ്പർ ഓഫീസ് നടപടിക്രമം
2. ശ്രീ. ബി.സുനിലിന്റെ 13/5/2016 ലെ അപ്പീൽ അപേക്ഷ

**ഉത്തരവ്**

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായിരിക്കെ 2006-07 വർഷത്തെ ക്യാഷ് ബുക്ക് എഴുതിയില്ല എന്ന കാരണത്താൽ ശ്രീ. ബി. സുനിലിനെതിരെ പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേക്ക് തടഞ്ഞു കൊണ്ട് പരാമർശം (1) പ്രകാരം തീർപ്പാക്കുകയും ചെയ്തിരുന്നു.

പഞ്ചായത്ത് ഡയറക്ടറുടെ ഈ തീരുമാനത്തിനെതിരെ പരാമർശം (2) പ്രകാരം ശ്രീ. ബി. സുനിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 15.2.17 ന് ടിയാനെ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നേരിൽ കേട്ടു. ജനകീയാസൂത്രണം, പ്ലാൻ എന്നിവയാണ് താൻ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങളെന്നും ക്യാഷ് ബുക്ക് എഴുതേണ്ട ചുമതല തന്നിൽ നിക്ഷിപ്തമായിരുന്നില്ലെന്നും 20.3.2006 ലെ ഓഫീസ് ഉത്തരവ് പ്രകാരം ക്യാഷ് ബുക്ക് എഴുതണമെന്ന ഓഫീസ് ഓർഡർ ലഭിച്ചുവെങ്കിലും വ്യക്തമായ ഉത്തരവല്ല ലഭിച്ചതെന്നും ചാർജ് കൈമാറുന്നതുസംബന്ധിച്ച നിബന്ധനകളൊന്നും തന്നെ പ്രസ്തുത ഉത്തരവിൽ ഉണ്ടായിരുന്നില്ലെന്നും ശ്രീ. ബി.സുനിൽ ഹിയറിംഗ് സമയത്ത് അറിയിച്ചു. 20.03.06-നാണ് ഉത്തരവ് ലഭിച്ചതെന്നും സാമ്പത്തികവർഷം അവസാനിക്കാറായ അവസരത്തിൽ ക്യാഷ് ബുക്ക് പൂർത്തിയാക്കാൻ കഴിയില്ല എന്നതിനാൽ ചുമതല ഏറ്റെടുത്തിരുന്നില്ലെന്നും നേരത്തെ ഇതിന്റെ ചുമതലയുണ്ടായിരുന്നവർ ക്യാഷ് ബുക്കും അനുബന്ധ രേഖകളും തനിക്ക് കൈമാറിത്തന്നിരുന്നില്ലെന്നും ടിയാൻ ബോധിപ്പിച്ചു. കാഷ് ബുക്ക് എഴുതാതെ വാർഷിക കണക്ക് ആഡിറ്റിന് നൽകി കൃത്യവിലോപം കാട്ടിയെന്ന് കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിക്കാണുന്നുവെന്ന് ഡയറക്ടറേറ്റിൽ നിന്ന് വന്ന ഉദ്യോഗസ്ഥൻ അറിയിച്ചു. 2005-06 വരെ ക്യാഷ് ബുക്ക് എഴുതിയിട്ടുണ്ടെന്നും 2006-07 ൽ ക്യാഷ് ബുക്ക് എഴുതി പൂർത്തിയാക്കിയിട്ടില്ലെന്നും അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സർക്കാർ സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും വിവിധ മാന്വലുകൾ, കോഡുകൾ എന്നിവയിലെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ എഴുതി സൂക്ഷിക്കേണ്ടതും കൃത്യമായ ആഡിറ്റിന് വിധേയമാക്കേണ്ടതുമായ ചുമതല സ്ഥാപനത്തിനുണ്ട്. മേലധികാരികൾ ചട്ടപ്രകാരം ചുമതലയേല്പിക്കുന്ന ജോലി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഏറ്റെടുക്കണമെന്നിരിക്കെ ഉത്തരവിൽ വ്യക്തതയില്ല, ചാർജ്

ഹാൻഡ് ഓവർ ചെയ്തില്ല, സാമ്പത്തികവർഷത്തിന്റെ അവസാന സമയമായതിനാൽ ഏറ്റെടുത്തില്ല. ഉത്തരവ് പുറപ്പെടുവിച്ചതു ക്രമപ്രകാരമല്ല എന്നിങ്ങനെയുള്ള കാരണങ്ങൾ പറഞ്ഞു ചുമതലയേറ്റെടുക്കാതിരുന്നത് ശരിയായ നടപടിയായി സർക്കാർ വിലയിരുത്തുന്നില്ല. അതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ തീർപ്പ് പുനഃപരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കാണുന്നില്ല. ഈ സാഹചര്യത്തിൽ ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. ബി.സുനിലിന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. ബി. സുനിൽ , മുൻ ക്ലാർക്ക്, ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ